**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് പ്ലസ് ടു സയൻസ് പഠനത്തിന് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോടിന്റെയും മഞ്ചേശ്വരത്തിന്റെയും മധ്യഭാഗത്തുള്ള തീരപ്രദേശങ്ങളിൽ ജീവശാസ്ത്രം ഉൾപ്പെടെയുള്ള സയൻസ് വിഷയങ്ങൾ എടുത്ത് പ്ലസ് ടു പഠിക്കാൻ ഒരു വിദ്യാലയം മാത്രമായതിനാൽ വിദ്യാർത്ഥികൾക്ക് ഇഷ്ട വിഷയം പഠിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കുമ്പള ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അറുപത് സീറ്റുകളിലേക്ക് 2021-22 അധ്യായന വർഷം എത്ര വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | സയൻസ് കോമ്പിനേഷനിൽ 446 ഉം ഹ്യുമാനിറ്റീസിൽ 78 ഉം കൊമേഴ്സിൽ 449 ഉം വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കാസർകോട് ജില്ലയിൽ പ്ലസ് ടു സയൻസ് കോഴ്സ് ഉള്ള വിദ്യാലയങ്ങൾ എത്രയാണെന്ന് അസംബ്ലി നിയോജകമണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (സി) | കാഞ്ഞങ്ങാട് - 20, കാസർഗോഡ് - 17, മഞ്ചേശ്വരം - 9, തൃക്കരിപ്പൂർ - 17, ഉദുമ - 18 |
| (ഡി) | മികച്ച സയൻസ് ലാബുള്ള കുമ്പള, ഉപ്പള, മംഗൽ പാടി എന്നീ സ്കൂളുകളിൽ ഈ വർഷം സയൻസിന് അധിക ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടികൾ ആരംഭിച്ച ശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത വ്യക്തമായാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ